# ഈമാൻ ദുർബലമാകുന്നതിന്റെ ലക്ഷണങ്ങൾ

**ഗ്രന്ഥകർത്താവ്:** *ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ്*
**{ഗന്ഥം:** ظاهرة ضعف الإيمان
**വിവർത്തനം:** അബൂഹന്ന പീരുമേട്

ഈമാനിന്റെ ദൗർബല്യം എന്ന രോഗത്തിന് ധാരാളം ലക്ഷണങ്ങളുണ്ട്:

1. **പാപത്തിൽ പ്രവേശിക്കുക, ഹറാമായ കാര്യങ്ങൾ ചെയ്യുക:** ചിലർ പാപങ്ങൾ ചെയ്യുകയും അതിൽ ഉറച്ചു നിൽക്കുകയും ചെയ്യും. ചിലർ ധാരാളം പാപങ്ങൾ ചെയ്തുകൊണ്ടിരിക്കും. ഒരാൾ ധാരാളം പാപങ്ങൾ ചെയ്യുമ്പോൾ അത് അയാളിൽ പതിവാകുകയും ഈ പ്രവർത്തനങ്ങൾ വെറുക്കപ്പെട്ടവയാണെന്ന തോന്നൽ പോലും പിന്നീട് ഉണ്ടാവാതിരിക്കുകയും ചെയ്യും. കാലക്രമത്തിൽ പ്രകടമായ രീതിയിൽ തിന്മ ചെയ്യുന്ന ഒരവസ്ഥയിലേക്ക് മാറുകയും പ്രവാചകവചനത്തിൽ പറയപ്പെട്ട ആളെപ്പോലെ ആവുകയും ചെയ്യും:

   كل أمتي معافى إلا المجاهرين ، وإن من المجاهرة أن يعمل الرجل بالليل عملاً ثم يصبح وقد ستره الله فيقول : يا فلان عملت البارحة كذا ، وكذا ، وقد بات يستره ربه ويصبح يكشف ستر الله عنه

   ''എന്റെ ഉമ്മത്തിലുള്ള എല്ലാവരും മാപ്പുനൽകപ്പെടുന്നവരാണ്, പരസ്യമായി തിന്മ ചെയ്യുന്നവരൊഴിച്ച്. ഉദാഹരണത്തിന് ഒരു മനുഷ്യൻ രാത്രിയിൽ ഒരു പ്രവൃത്തി ചെയ്തു, പ്രഭാതമായപ്പോൾ അല്ലാഹു അവന്റെ തിന്മ മറച്ചുവെച്ചു. പക്ഷേ, ആ മനുഷ്യൻ ആളുകളെ വിളിച്ചു പറഞ്ഞു: ''ഞാൻ ഇന്നലെ ഇന്നയിന്ന പ്രവൃത്തികൾ ചെയ്തു.'' അല്ലാഹു രാത്രി മുഴുവൻ മറച്ചുവെച്ചു. പക്ഷേ, അല്ലാഹു മറച്ചുവെച്ചതിനെ അയാൾ വെളിവാക്കി.'' (ബുഖാരി)

2. **മനസ്സ് കടുത്തതും പരുക്കനുമാണെന്ന് വിചാരിക്കുക:** തന്റെ മനസ്സ് കല്ല് പോലെ കടുത്തുപോയി എന്ന് ഒരാൾ വിചാരിക്കും. അല്ലാഹു പറഞ്ഞു:

   ثم قست قلوبكم من بعد ذلك فهي كالحجارة أو أشد قسوة

   ''പിന്നീട് അതിനു ശേഷവും നിങ്ങളുടെ മനസ്സുകൾ കടുത്തുപോയി. അവ പാറപോലെയോ അതിനേക്കാൾ കടുത്തതോ ആയി ഭവിച്ചു.''(2:74).

   ഹൃദയം കടുത്തപോയ മനുഷ്യനിൽ മരണത്തെക്കുറിച്ച ഉപദേശമോ, ദുരിതമനുഭവിക്കുന്ന ജനങ്ങളെ കാണുന്നതോ, മരണാന്തരച്ചടങ്ങുകളോ, ഒന്നും ഒരു ചലനവുമുണ്ടാക്കുന്നില്ല. ഈ വ്യക്തി ചിലപ്പോൾ മരണപ്പെട്ടയാളെ ഖബറിലേക്ക് വഹിച്ചുകൊണ്ടുപോവുകയും അതിലേക്ക് മണ്ണിട്ട് മൂടുകയും ചെയ്തേക്കാം. (പക്ഷേ) ഖബറുകളുടെ ഇടയിലൂടെ നടക്കുന്നത് വെറും കല്ലുകളുടെ ഇടയിലൂടെ നടക്കുന്നതു പോലെ മാത്രമേ അയാൾക്ക് തോന്നുകയുള്ളൂ.

3. **ആരാധനയിൽ ഭക്തിയില്ലാതാവുക:** മനസ്സ് അലഞ്ഞു തിരിയുകയും നമസ്കരിക്കുമ്പോഴും ഖുർആൻ പാരായണം ചെയ്യുമ്പോഴും ഏകാഗ്രതയില്ലാതിരിക്കുകയും ചെയ്യുക. താൻ എന്താണ്

പറയുന്നതെന്ന് ചിന്തിക്കുന്നില്ല. വെറുതെ പറഞ്ഞു ശീലിച്ച വാചകങ്ങൾ അലസമായി പറയുന്നു. ഓരോ സന്ദർഭത്തിലും പറയേണ്ടതായ പ്രാർഥനകൾ, അവയുടെ അർഥമെന്താണെന്നറിയാതെ പറഞ്ഞു കൊണ്ടിരിക്കുന്നു. നബി ﷺ പറഞ്ഞു:

... لا يقبل دعاء من قلب غافل لاه

''അശ്രദ്ധമായ ഹൃദയത്തിൽ നിന്നുള്ള പ്രാർഥന അല്ലാഹു സ്വീകരിക്കുകയില്ല.''(തുർമുദി:3479, സിൽസിലത്തുസ്സ്വഹീഹ: 594).

4. **ആരാധനാകാര്യങ്ങളിലും പുണ്യകർമങ്ങളിലും മടി കാണിക്കുക:** അലസമായും അലക്ഷ്യമായും ആരാധനാകർമങ്ങൾ ചെയ്യുക. ചെയ്യുന്നതെല്ലാം യാതൊരുവിധ ചൈതന്യവും ഇല്ലാത്ത പൊള്ളയായ ചേഷ്ടകളായിരിക്കും. അല്ലാഹു കപടവിശ്വാസികളെക്കുറിച്ച് പറഞ്ഞു:

وإذا قاموا إلى الصلاة قاموا كسالى

''........അവർ നമസ്കാരത്തിന് വേണ്ടി നിന്നാൽ ഉദാസീനരായിക്കൊണ്ടാണ് നിൽക്കുന്നത്.'' (നിസാഅ്: 4:142).

ആരാധനകൾ നിർവഹിക്കേണ്ട വിശിഷ്ടമായ സമയങ്ങളും സന്ദർഭങ്ങളും ഇത്തരക്കാർ അവഗണിക്കും. പ്രതിഫലം കരസ്ഥമാക്കണമെന്ന യാതൊരു ശുഷ്കാന്തിയും ഇല്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഹജ്ജ് ചെയ്യാൻ കഴിവുണ്ടായിട്ടും ഹജ്ജ് ചെയ്യാതിരിക്കുക, ജിഹാദ് ചെയ്യേണ്ട സന്ദർഭം ഉണ്ടായിട്ടും അതിൽ നിന്നും വിട്ടു നിൽക്കുക, ജമാഅത്ത് നമസ്കാരത്തിൽ പങ്കെടുക്കാതിരിക്കുക, ജുമുഅ നമസ്കാരത്തിന് പോലും പങ്കെടുക്കാൻ ശ്രമിക്കാതിരിക്കുക തുടങ്ങിയവ ഇതിൽപെടുന്നു.

നബിﷺ പറഞ്ഞു:

لا يزال قوم يتأخرون عن الصف الأول حتى يخلفهم الله في النار

''ജനങ്ങൾ ഒന്നാമത്തെ സ്വഫ്ഫിൽ നിന്നും പിന്തിനിൽക്കും, അല്ലാഹു അവരെ നരകാഗ്നിയിലേക്ക് പിന്തിക്കുന്നത് വരെ.''(അബൂദാവൂദ്: 679, സ്വഹീഹുത്തർഗീബ് : 519).

ജമാഅത്ത് നമസ്കാരം നഷ്ടപ്പെടുത്തി ഉറങ്ങിയാലോ, ഒരു പ്രധാനപ്പെട്ട ദിക്ർ മറന്നുപോയാലോ, ഇത്തരം മനുഷ്യന്റെ മനസ്സിൽ യാതൊരു പ്രയാസവും തോന്നുകയില്ല. പിന്നീട് അത് വീണ്ടെടുക്കണമെന്ന ചിന്ത പോലും ഉണ്ടാവുകയില്ല. മാത്രമല്ല, മനപ്പൂർവ്വം ഒരു സുന്നത്തായ കാര്യമോ ഫർദ് കിഫായ (കുറച്ച് പേർ നിർവഹിച്ചാൽ സമൂഹത്തിന്റെ ബാധ്യത പൂർത്തീകരിക്കപ്പെടുകയും ആരും ചെയ്തില്ലെങ്കിൽ എല്ലാവരും കുറ്റക്കാരാവുകയും ചെയ്യുന്ന കാര്യം) ആയ കാര്യമോ ഒഴിവാക്കുന്ന അവസ്ഥയും ഉണ്ടാവും. അങ്ങനെ പെരുന്നാൾ നമസ്കാരം, ഗ്രഹണ നമസ്കാരം, മയ്യിത്ത് നമസ്കാരം എന്നിവയൊന്നും നിർവഹിക്കുകയില്ല. അയാൾ ഒരിക്കലും പ്രതിഫലത്തെക്കുറിച്ച് ശ്രദ്ധിക്കുകയില്ല. അല്ലാഹു പറഞ്ഞ പ്രകാരമുള്ള ആളുകളുടെ നേർവിപരീതമാണത്. അല്ലാഹു പറയുന്നു:

إنهم كانوا يسارعون في الخيرات ويدعوننا رغباً ورهباً وكانوا لنا خاشعين

''... തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു.''(21: 90).

ആരാധനാ കർമങ്ങളിലെ അലസതയുടെ മറ്റൊരു ഉദാഹരണമാണ് നിർബന്ധനമസ്കാരങ്ങൾക്കു മുമ്പും ശേഷവുമുള്ള സുന്നത്തു നമസ്കാരങ്ങൾ, രാത്രി നമസ്കാരം, പള്ളിയിലേക്ക് നേരത്തെ പുറപ്പെടൽ, ദുഹാ നമസ്കാരം പോലെയുള്ള സുന്നത്തായ കാര്യങ്ങളിലെ അലസത. ഇസ്തിഖാറത്ത് നമസ്കാരത്തിലോ തൗബയുടെ രണ്ട് റക്അത്ത് നമസ്കാരത്തിലോ ശുഷ്കാന്തിയുണ്ടാവുകയില്ല അത്തരക്കാർക്ക്.

5. **ഇടുങ്ങിയ ചിന്താഗതി, ചാഞ്ചാടുന്ന മനോഗതി, വിഷാദം** എന്നിങ്ങനെ മനുഷ്യനെ തളർത്തുന്ന കാര്യങ്ങൾ. അവനെ നിസ്സാര പ്രശ്നങ്ങൾ പോലും പെട്ടെന്ന് പൊറുതികേട് കാണിക്കുന്ന അവസ്ഥയിലാക്കും. അയാൾ തന്റെ ചുറ്റുപാടുമുള്ളവരുമായി പ്രശ്നങ്ങൾ സൃഷ്ടിക്കും, അയാളിൽ ഒട്ടും സഹനശക്തിയുണ്ടാവുകയില്ല. നബിﷺ ഈമാനിനെ സംബന്ധിച്ച് പറഞ്ഞു:

الإيمان : الصبر والسماحة

''ഈമാൻ ക്ഷമയും വിട്ടുവീഴ്ചയുമാണ്.'' (അൽ സിൽസിലത്തുസ്സ്വഹീഹ: 554; 2/86).

നബിﷺ വിശദീകരിച്ചു:

يألف ويؤلف ولا خير فيمن لا يألف ولا يؤلف

''(വിശ്വാസി) ഇണക്കുന്നവനും ഇണക്കപ്പെടുന്നവനുമാണ്. ഇണക്കുകയും ഇണക്കപ്പെടുകയും ചെയ്യാത്തവനിൽ നന്മയില്ല.'' (സിൽസിലത്തുസ്സ്വഹീഹ: 427).

6. **ഖുർആനിലെ ആയത്തുകൾ സ്വാധീനം ചെലുത്താതിരിക്കുക:** സ്വർഗത്തെക്കുറിച്ച വാഗ്ദാനവും നരകത്തെക്കുറിച്ച മുന്നറിയിപ്പുകളും കൽപനകളും നിരോധനങ്ങളും അന്ത്യനാളിനെക്കുറിച്ച വിശദീകരണങ്ങളും അടങ്ങിയ സൂക്തങ്ങൾ കേട്ടാൽപോലും! ഈമാനിൽ ദൗർബല്യമുള്ളവൻ ഖുർആൻ പാരായണം ചെയ്യുന്നത് കേട്ടാൽ മുഷിപ്പ് തോന്നും. തുടർച്ചയായി ഖുർആൻ പാരായണം ചെയ്യാൻ അവന് സാധിക്കുകയില്ല. എപ്പോൾ മുസ്ഹഫ് തുറന്നാലും പെട്ടെന്ന് തന്നെ അത് അടച്ചുവെക്കും.

7. **ദിക്റുകൾ ചൊല്ലുമ്പോഴും ദുആ ചെയ്യുമ്പോഴും അല്ലാഹുവിനെക്കുറിച്ച് അശ്രദ്ധയിലായിരിക്കുക:** ദികർ പ്രയാസമുള്ളതായി തോന്നും. പ്രാർഥിക്കുവാൻ ഇരുകരങ്ങളും ഉയർത്തിയാൽ പെട്ടെന്ന് അവ താഴ്ത്തിയിടും. കപടവിശ്വാസികളെക്കുറിച്ച് അല്ലാഹു പറയുന്നു:

ولا يذكرون الله إلا قليلاً

''...കുറച്ച് മാത്രമെ അവർ അല്ലാഹുവിനെ ഓർമിക്കുകയുള്ളൂ.''(4:142).

8. **അല്ലാഹു നിശ്ചയിച്ച പരിധികൾ ലംഘിക്കപ്പെട്ടാൽ ഒട്ടും ദേഷ്യം തോന്നാതിരിക്കുക:** കാരണം മതനിഷ്ഠയുടെ തിരിനാളം അവന്റെ മനസ്സിൽ അണഞ്ഞു പോയിരിക്കുന്നു. അതിനാൽ തിന്മ നിർത്തലാക്കാൻ അവൻ ഒന്നും ചെയ്യുകയില്ല. തിന്മ ചെയ്യുന്നവരെ തടയുകയോ നന്മ ഉപദേശിക്കുകയോ ഇല്ല. തിന്മകളെ തള്ളിപ്പറയുകയുമില്ല. അല്ലാഹുവിന് വേണ്ടി അവൻ ഒരിക്കലും ദേഷ്യപ്പെടുകയില്ല. ദുർബലത കയ്യടക്കിയ ഹൃദയങ്ങളെ സംബന്ധിച്ച് നബിﷺ വിശദീകരിച്ചു:

(تعرض الفتن على القلوب كالحصير عوداً عوداً، فأي قلب أشربها ) أي : دخلت فيه دخولاً تاماً { نكت فيه نكتة سوداء } أي : نقط فيه نقطة { حتى يصل الأمر إلى أن يصبح كما أخبر عليه الصلاة والسلام في آخر الحديث : ( أسود مربادا ( بياض يسير يخالطه السواد ) كالكوز مجخياً( مائلاً منكوساً } لا يعرف معروفاً ولا ينكر منكراً إلا ما أشرب من هواه

''പായ ഇഴകളാൽ ചുറ്റപ്പെട്ടതുപോലെ ഹൃദയം പരീക്ഷണങ്ങളാൽ വലയം ചെയ്യപ്പെട്ടുകൊണ്ടിരിക്കും (ഹൃദയത്തെ പൂർണമായി അത് സ്വാധീനിക്കും). തിന്മ ബാധിച്ച മനസ്സിൽ ഒരു കറുത്ത പുള്ളി വീഴും, അങ്ങനെ അത് വ്യാപിച്ച് ഹൃദയം മുഴുവൻ കറുത്ത മുദ്രവെക്കപ്പെട്ട അവസ്ഥയിലെത്തും. (മറ്റൊരു ഹദീഥിൽ നബിﷺ ഇപ്രകാരം പറഞ്ഞു: തിന്മകൊണ്ട് അവന്റെ ഹൃദയം കറുപ്പും വെളുപ്പും കലർന്ന തൊഴുത്തുപോലെ). അങ്ങനെ (പിന്നീടവൻ) നന്മയെ അംഗീകരിക്കുകയോ തിന്മയെ തള്ളിപ്പറയുകയോ ഇല്ല- അവന്റെ ആഗ്രഹങ്ങളോട് യോജിക്കുന്നവ അല്ലാതെ.''(മുസ്ലിം:144).

നന്മയോട് സ്നേഹവും തിന്മയോട് വിദ്വേഷവും അവന്റെ മനസ്സിൽ നിന്നും അപ്രത്യക്ഷമാകും. എല്ലാ കാര്യങ്ങളും അവന് തുല്യമായിരിക്കും. നന്മ കൽപിക്കുന്നതിനും തിന്മ വിരോധിക്കുന്ന തിനും യാതൊരു വിധ പ്രേരണയും അവനിൽ ഉണ്ടാവുകയില്ല. ഭൂമിയിലുള്ള ചില തിന്മകളെക്കു റിച്ച് കേൾക്കുകയും അവ അംഗീകരിക്കുകയും ചെയ്തേക്കും-ഈ സാഹചര്യത്തിൽ ഒരു തിന്മ കാണുകയും അതിനെ പ്രശംസിക്കുകയും ചെയ്തവന്റെ അതേ ഭാരം അവനും വഹിക്കും. കാരണം നബിﷺ പറഞ്ഞു:

إذا عملت الخطيئة في الأرض كان من شهدها فكرهها - وقال مرة أنكرها - كمن غاب عنها ، ومن غاب عنها فرضيها كان كمن شهدها

''ഭൂമിയിൽ തിന്മ ചെയ്യപ്പെടുകയും ഒരാൾ അതിന് സാക്ഷിയാവുകയും, അതിനെ വെറുക്കുകയും ചെയ്താൽ അയാൾ അതിൽ നിന്നും അപ്രത്യക്ഷനായവനെപ്പോലെയാണ്. ഒരാൾ അതിന് സാക്ഷിയാവാതിരിക്കുകയും പക്ഷേ, അതിനെ ശരിവെക്കുകയും ചെയ്താൽ അവൻ അതിന് സാക്ഷ്യം വഹിച്ചവനെപ്പോലെയാണ്.''(അബൂദാവൂദ്: 4345 സ്വഹീഹുൽ ജാമിഅ് 689). ഈ ശരി വെക്കൽ-അത് മനസ്സിന്റെ പ്രവർത്തനമാണ്-അവനെ ആ തിന്മക്ക് സാക്ഷ്യം വഹിച്ചവനാക്കി.

9. **കീർത്തിയും മഹിമയും ഇഷ്ടപ്പെടുക:** ഇതിന് വിവിധ രൂപങ്ങളുണ്ട്. അതിൽപെട്ടതാണ് നേതൃ മോഹം. നബിﷺ നമുക്ക് മുന്നറിയിപ്പ് നൽകി,

إنكم ستحرصون على الإمارة وستكون ندامة يوم القيامة فنعم المرضعة وبئس الفاطمة

''നിങ്ങൾ നേതൃത്വത്തിനായി ഉത്സാഹം കാണിക്കും. പക്ഷേ, അന്ത്യദിനത്തിൽ അത് നിങ്ങൾക്ക് ഖേദത്തിനിടയാക്കും. കാരണം തുടക്കത്തിൽ (നേതൃത്വം) എളുപ്പമായി തോന്നുമെങ്കിലും പിന്നീട് അത് ക്ലേശമായി മാറും.'' (ത്വബ്റാനി). ബുഖാരിയുടെ റിപ്പോർട്ടിൽ ഇത്രകൂടിയുണ്ട്: ''അക്ഷരാർഥത്തിൽ മുലയൂട്ടൽ എളുപ്പമാണ്; പക്ഷെ, മുലകുടിമാറ്റൽ പ്രയാസമാണ്.''

അതായത്, ആരംഭത്തിൽ, നേതൃത്വം സമ്പത്തും അധികാരവും ആനന്ദവും നൽകും. പക്ഷേ, ശേഷം സ്ഥാനഭ്രഷ്ടനാക്കുന്നതിനോ നശിപ്പിക്കുന്നതിനോ ഇടവരുത്തുകയും പരലോകത്ത് ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. നബിﷺ പറഞ്ഞു:

إن شئتم أنبأتكم عن الإمارة وما هي ،أولها ملامة، وثانيها ندامة ، وثالثها عذاب يوم القيامة إلا من عدل

''നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, എന്താണ് നേതൃത്വം എന്ന് ഞാൻ പറഞ്ഞു തരാം. ഒന്നാമ തായി അത് അധിക്ഷേപമാണ്, രണ്ടാമതായി അത് ഖേദമാണ്, മൂന്നാമതായി അന്ത്യദിനത്തിലെ ശിക്ഷയാണ്- നീതിമാനായ ഒരുവന് ഒഴികെ.''(ത്വബ്റാനി, അൽ കബീർ 18/72; സ്വഹീഹ്-അൽ ജാമിഅ് 1420).

ഒരാൾ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവഹിക്കാൻ സന്നദ്ധത കാണിക്കുകയും ആത്മാർഥമായും നീതിപൂർവ്വമായും തന്നാൽ കഴിയുന്നതിന്റെ ഏറ്റവും ഉന്നതമായ രീതിയിൽ നിർവഹിക്കുവാൻ മുന്നോട്ടു വരികയും ചെയ്താൽ, ആ സ്ഥാനത്ത് അയാളെക്കാൾ പ്രാപ്തനായ മറ്റൊരാൾ ഇല്ലാതിരിക്കുകയും ആണെങ്കിൽ, (യൂസുഫ് നബി(അ)യെ പോലെ) അത് ആദരണീയവും അനുഗ്രഹീതവുമായ കാര്യമാണെന്ന് പറയാൻ കഴിയും. പക്ഷെ, മിക്ക വാറും തന്നെക്കാൾ പ്രാപ്തിയുള്ള മറ്റൊരാൾ ഉണ്ടെങ്കിലും നേതാവാകാനുള്ള അതിയായ ആഗ്ര ഹമാണ് പലരെയും നേതൃരംഗത്തേക്ക് സ്വയം ഇറങ്ങാൻ പ്രേരിപ്പിക്കുന്നത്. ഇത് യഥാർഥത്തിൽ നേതൃപാടവവും കാര്യപ്രാപ്തിയുമുള്ളവരുടെ അവസരം നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. മാത്രമല്ല, താൻ ആയിരിക്കണം നിർദേശങ്ങളും വിലക്കുകളും നൽകുന്നത് എന്ന തോന്നൽ ആയിരിക്കും നേതൃത്വമോഹത്തിലേക്ക് അവരെ നയിക്കുന്നത്. ഒരു സദസ്സിൽ നായകസ്ഥാ നത്തിരിക്കുക, ചർച്ചകളുടെ നിയന്ത്രണം തന്റെ വരുതിയിലാക്കുക, മറ്റുള്ളവരെക്കൊണ്ട് തന്റെ വാക്കുകളെ ശ്രദ്ധിപ്പിക്കുക, അധികാരം ഉണ്ടാവുക തുടങ്ങിവയ ഇക്കൂട്ടർ ഇഷ്ടപ്പെടും. ഒരു സദ സ്സിന്റെ നായകസ്ഥാനമെന്നത് അറവുശാലയാണ്.

اتقوا هذه المذابح

''ഈ അറവുശാലകളെ നിങ്ങൾ സൂക്ഷിക്കുക.''(ബൈഹഖി 2/439- സ്വഹീഹുൽ-ജാമിഅ് 120).

താൻ ഒരു മുറിയിലേക്ക് കടന്നുവന്നാൽ അവിടെ ഇരിക്കുന്നവർ എഴുന്നേൽക്കാൻ ഇഷ്ടപ്പെടുക എന്നത് രോഗാതുതരമായ മനസ്സുള്ളവന്റെ ആദരവിനോടുള്ള പ്രേമത്തിന്റെ അടയാളമാണ്. നബിﷺ പറഞ്ഞു:

من سره أن يمثل له عباد الله قياماً فليتبوأ بيتاً من النار

''അല്ലാഹുവിന്റെ അടിമകൾ തനിക്ക് വേണ്ടി എഴുന്നേറ്റു നിൽക്കുന്നത് ആരെങ്കിലും ഇഷ്ടപ്പെട്ടാൽ, അവൻ അവന്റെ വാസസ്ഥലം നരകത്തിൽ ഒരുക്കിക്കൊള്ളട്ടെ.''(അൽ അദബുൽ മുഫ്റദ് 977, സിൽസിലത്തുസ്സ്വലീഹ: 357).

ഇത്തരം ആളുകൾക്ക് (ചില) സുന്നത്തുകൾ പിൻപറ്റപ്പെടുന്നത് കാണുമ്പോൾ ദേഷ്യം തോന്നുന്നതാണ്. ഉദാഹരണത്തിന്, വലതു ഭാഗത്തു നിന്നും തുടങ്ങജശ (വല്ലതും വിതരണം ചെയ്യുമ്പോൾ തന്നിൽ നിന്നും തുടങ്ങാതിരിക്കുക), തനിക്ക് ഇരിപ്പിടം ലഭിക്കാതിരിക്കുക (സദസ്സിലേക്ക് കടന്നുചെന്നാൽ മറ്റൊരാൾ എഴുന്നേറ്റ് തനിക്ക് ഇരിപ്പിടം നൽകാതിരിക്കുക) തുടങ്ങിയവ അവർ ഇഷ്ടപ്പെടുകയില്ല. നബിﷺ ഇപ്രകാരം പറഞ്ഞത് അവർ കാര്യമാക്കുകയില്ല:

لا يقيم الرجل الرجل من مجلسه ثم يجلس فيه

''ഒരാളും മറ്റൊരാളെ എഴുന്നേൽപ്പിച്ച് ആ ഇരിപ്പിടത്തിൽ ഇരിക്കരുത്.''(ബുഖാരി, ഫത്ഹുൽ ബാരി 11/62).

**10. പിശുക്ക്:**

അല്ലാഹു അൻസ്വാരികളെ പ്രശംസിച്ചുകൊണ്ട് പറഞ്ഞു:

ويؤثرون على أنفسهم ولو كان بهم خصاصة

''....തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും.''(ഹശ്ർ : 9).

പിശുക്കിൽ നിന്ന് രക്ഷപ്പെട്ടവൻ വിജയിച്ചുവെന്നും ഈമാനിന്റെ ദൗർബല്യം പിശുക്കിന് കാരണമാകുമെന്നും നബിﷺ വിശദീകരിച്ചു:

لا يجتمع الشح والإيمان في قلب عبد أبداً

''ഈമാനും പിശുക്കും ഒരു സത്യവിശ്വാസിയുടെ ഹൃദയത്തിൽ ഒന്നിച്ച് നില നിൽക്കുകയില്ല.''(നസാഇ, അൽമുജ്തബ-6/13, സ്വഹീഹുൽ ജാമിഅ് 2678).

പിശുക്കിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ചും അതിന്റെ രീതിയെക്കുറിച്ചും അവിടുന്ന് വിശദീകരിച്ചു:

إياكم والشح فإنما هلك من كان قبلكم بالشح، أمرهم بالبخل فبخلوا وأمرهم بالقطيعة فقطعوا وأمرهم بالفجور ففجروا

''നിങ്ങൾ പിശുക്കിനെ സൂക്ഷിക്കുക, നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് പിശുക്ക് കാരണമാണ്. അത് അവരെ ലുബ്ധതക്ക് പ്രേരിപ്പിച്ചു. അങ്ങനെ അവർ ലുബ്ധത കാണിച്ചു. അത് (ലുബ്ധത) അവരോട് ബന്ധവിച്ഛേദനത്തിന് കൽപിച്ചു. അങ്ങനെ അവർ അത് (ബന്ധങ്ങൾ) മുറിച്ചു. അത് അവരെ അധർമം ചെയ്യാൻ കൽപിച്ചു. അങ്ങനെ അവർ അധർമകാരികളായി.'' (അബൂദാവൂദ് 2/324, സ്വഹീഹുൽ ജാമിഅ് 2678).

ദൂർബലമായ ഈമാനുള്ള ഒരുവനെ പിശുക്ക് ബാധിച്ചാൽ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാൻ വളരെയധികം വിഷമമായിരിക്കും; ദാരിദ്ര്യത്തിലും അത്യാപത്തിലും പെട്ട് മുസ്‌ലിം സഹോദരങ്ങൾ വളരെയധികം സഹായം അർഹിക്കുന്ന അവസ്ഥയിൽ പോലും. ഈ സ്വഭാവ

ത്തെക്കുറിച്ച് അല്ലാഹുവിന്റെ വചനത്തെക്കാൾ സ്പഷ്ടമായ വേറെ വാക്കില്ല. അല്ലാഹു പറഞ്ഞു:

ها أنتم هؤلاء تدعون لتنفقوا في سبيل الله فمنكم من يبخل ومن يبخل فإنما عن نفسه والله الغني وأنتم الفقراء وإن تتولوا يستبدل قوماً غيركم ثم لا يكونوا أمثالكم

''ഹേ; കൂട്ടരേ, അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ ചെലവഴിക്കുന്നതിനാണ് നിങ്ങൾ ആഹ്വാനം ചെയ്യപ്പെടുന്നത്. അപ്പോൾ നിങ്ങളിൽ ചിലർ പിശുക്ക് കാണിക്കുന്നു. വല്ലവനും പിശുക്കു കാണിക്കുന്ന പക്ഷം തന്നോട് തന്നെയാണ് അവൻ പിശുക്ക് കാണിക്കുന്നത്. അല്ലാഹുവാകട്ടെ പരാശ്രയമുക്തനാകുന്നു. നിങ്ങളോ ദരിദ്രൻമാരും. നിങ്ങൾ പിന്തിരിഞ്ഞു കളയുകയാണെങ്കിൽ നിങ്ങളല്ലാത്ത ഒരു ജനതയെ അവൻ പകരം കൊണ്ടുവരുന്നതാണ്. എന്നിട്ട് അവർ നിങ്ങളെപ്പോലെയായിരിക്കുകയുമില്ല.'' (മുഹമ്മദ്: 38).

11. **പ്രവർത്തിക്കാത്ത കാര്യങ്ങൾ പറയുക:** അല്ലാഹു പറഞ്ഞു:

يا أيها الذين آمنوا لم تقولون ما لا تفعلون ، كبر مقتاً عند الله أن تقولوا ما لا تفعلون

''സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു.''(സ്വഫ്ഫ് :2,3).

ഇത് കാപട്യമാണെന്നതിൽ സംശയമില്ല. ഒരാളുടെ വാക്ക് അയാളുടെ പ്രവർത്തനവുമായി യോജിക്കുന്നില്ലെങ്കിൽ അയാൾ അല്ലാഹുവിങ്കൽ ആക്ഷേപിക്കപ്പെട്ടവനും ജനങ്ങളുടെ അടുക്കൽ വെറുക്കപ്പെട്ടവനും ആയിരിക്കും. നന്മ കൽപിക്കുകയും സ്വജീവിതത്തിൽ പ്രവർത്തിക്കാതിരിക്കുകയും തിന്മ വിലക്കുകയും സ്വയം തിന്മ ചെയ്യുകയും ചെയ്യുന്ന ഒരാളുടെ യാഥാർഥ്യം നരകവാസികൾ കണ്ടെത്തുന്നതുമാണ്.

12. **മുസ്‌ലിം സഹോദരങ്ങൾക്കുണ്ടാകുന്ന പരാജയത്തിലും നഷ്ടത്തിലും പ്രയാസത്തിലും അവർക്ക് അനുഗ്രഹങ്ങൾ തടയപ്പെട്ടാലും മറ്റുള്ളവർക്ക് നൽകപ്പെട്ട അനുഗ്രഹങ്ങൾ നഷ്ടപ്പെട്ടാലും ഒക്കെ ആനന്ദിക്കുക.**

13. **തിന്മകളെ ലാഘവത്തോടെ കാണുക.** വല്ല കാര്യവും ചെയ്യാനുദ്ദേശിക്കുമ്പോൾ എന്ത് നന്മയാണ് ചെയ്യാൻ കഴിയുക എന്ന് അന്വേഷിക്കുന്നതിന് പകരം ''ഇത് നിഷിദ്ധമായ പാപമാണോ അതോ കേവലം മക്റൂഹ് മാത്രമാണോ?'' എന്നാണ് ചോദിക്കുക. ഇത്തരം ചിന്തകൾ സംശയാസ്പദമായ കാര്യങ്ങളിലേക്കും മക്റൂഹുകളിലേക്കും അവരെ നയിക്കുകയും ഹറാമുകളിൽ അവരെ അകപ്പെടുത്തുകയും ചെയ്യും. ഇത്തരത്തിൽ ചിന്തിക്കുന്ന ഒരുവനെ മക്റൂഹായ കർമങ്ങളിൽ നിന്നും ഹറാമാണോ എന്ന് വ്യക്തമല്ലാത്ത സംശയമുള്ള കാര്യങ്ങളിൽ നിന്നും തടയുന്ന യാതൊന്നുമുണ്ടാകില്ല. ഈ കാര്യം നബി ﷺ വ്യക്തമാക്കിയതാണ്. നബി ﷺ പറഞ്ഞു:

من وقع في الشبهات وقع في الحرام ، كالراعي يرعى حول الحمى يوشك أن يرتع فيه..

''ആരെങ്കിലും സംശയാസ്പദമായ കാര്യങ്ങളിൽ അകപ്പെട്ടാൽ അവൻ ഹറാമിൽ അകപ്പെടാൻ സാധ്യതയുണ്ട്. ഒരു ആട്ടിടയൻ, തന്റെ ആട്ടിൻപറ്റത്തെ തനിക്ക് അനുവാദമില്ലാത്ത സ്ഥലത്തിന് ചുറ്റും മേയ്ക്കുന്ന പോലെ; ക്രമേണ അവ അതിനുള്ളിൽ പ്രവേശിക്കും.'' (ബുഖാരി, മുസ്‌ലിം).

ചില ആളുകൾ എന്തെങ്കിലും കാര്യത്തെക്കുറിച്ച് ഫത്‌വ ചോദിക്കും. അത് ഹറാമാണെന്ന് പറയപ്പെട്ടാൽ അവർ ചോദിക്കും. ''അത് (വലിയ) ഹറാമാണോ? എത്രത്തോളം തെറ്റാണ് അതിലുള്ളത്?'' ഇത്തരം ആളുകൾക്ക് തിന്മ വർജിക്കുന്നതിൽ യാതൊരു താൽപര്യവുമുണ്ടാകില്ല. ഹറാമുകൾ ചെയ്യാൻ അവർ തയ്യാറാണ്, ചെറിയ തിന്മകളെ അവർ വളരെ ലാഘവത്തോടെ കാണു

കയും ചെയ്യും. ഇതിന്റെ പരിണതി ക്രമേണ ക്രമേണ പാപങ്ങൾ ചെയ്യാനും അല്ലാഹു നിശ്ചയിച്ച പരിധികൾ ലംഘിക്കാനും അവന് തോന്നും എന്നതാണ്. നബിﷺ പറഞ്ഞു:

( لأعلمن أقواماً من أمتي يأتون يوم القيامة بحسنات أمثال جبال تهامة بيضاً ، فيجعلها الله عز وجل هباء منثوراً )

قال ثوبان : يا رسول الله صفهم لنا ، جلهم لنا ، أن لا نكون منهم ونحن لا نعلم قال : ( أما أنهم إخوانكم ومن جلدتكم ويأخذون من الليل كما تأخذون ولكنهم أقوام إذا خلو بمحارم الله انتهكوها )

''അന്ത്യദിനത്തിൽ വെളുത്ത് തിഹാമ മലയോളം പുണ്യകർമങ്ങളുമായി വരുന്ന ആളുകളെ നിശ്ചയമായും നമുക്ക് കാണാൻ സാധിക്കും. എന്നിട്ട് അവയെ അല്ലാഹു ചിതറിയ ധൂളികൾ പോലെ ആക്കിത്തീർക്കും''. ഥൗബാൻ പറഞ്ഞു: ''ഓ പ്രവാചകരേ, ഞങ്ങൾക്ക് അവരെക്കുറിച്ച് വിവരിച്ചു തന്നാലും. അങ്ങനെ ഞങ്ങൾക്ക് അക്കൂട്ടത്തിൽ പെടാതിരിക്കാമല്ലോ.'' നബിﷺ പറഞ്ഞു: ''അവർ നിങ്ങളുടെ സഹോദരങ്ങളാണ്. അവർ കാഴ്ചയിൽ നിങ്ങളെപ്പോലെ തന്നെയാണ്. നിങ്ങളെപ്പോലെ അവരും രാത്രി നമസ്കരിക്കുന്നവരാണ്, പക്ഷേ, അല്ലാഹുവിന്റെ പരിധികൾ ലംഘിക്കാൻ അവസരം ലഭിച്ചാൽ അവർ അത് ചെയ്യുന്നു.'' (ഇബ്നുമാജ :"4245. അസ്സവാഇദിൽ പറഞ്ഞു: ഇതിന്റെ പരമ്പര സ്വഹീഹും ആളുകൾ വിശ്വസ്തരുമാണ്. സ്വഹീഹുജാമിഅ്: 5028). അങ്ങനെയുള്ള മനുഷ്യർ യാതൊരു വെറുപ്പോ കുറച്ചിലോ കൂടാതെ ഹറാം പ്രവർത്തിക്കുന്നത് കാണാം. അറപ്പോടുകൂടി ഹറാം ചെയ്യുന്നവനെക്കാളും കുറേക്കൂടി വഷളായ അവസ്ഥയാണ് ഈ മനുഷ്യന്റേത്. രണ്ട് കൂട്ടരും അപകടത്തിലാണ്. പക്ഷേ, ഇതാണ് വലിയ അപകടം. തിന്മയെ അവർ വളരെ ലാഘവത്തോടെ കാണും. താൻ ഒരു തിന്മയാണ് ചെയ്യുന്നത് എന്ന് ചിന്തിക്കുകയുമില്ല. ഇബ്നുമസ്ഊദ് ഒരു വിശ്വാസിയുടെയും കപടവിശ്വാസിയുടെയും നിലപാടിനെക്കുറിച്ച് പറഞ്ഞു:

إن المؤمن يرى ذنوبه كأنه قاعد تحت جبل يخاف أن يقع عليه ، وإن الفاجر يرى ذنوبه كذباب مر على أنفه فقال به هكذا

''ഒരു വിശ്വാസി തന്റെ മുകളിലേക്ക് മറിഞ്ഞു വീഴുമെന്ന് ഭയപ്പെടുന്ന ഒരു പർവ്വതത്തിന്റെ ചുവട്ടിൽ ഇരിക്കുന്നവനെപ്പോലെയാണ് തന്റെ പാപങ്ങളെ കാണുന്നത്. എന്നാൽ, ഒരു ദുർമാർഗി തന്റെ മൂക്കിനടുത്തുകൂടെ പറന്നു പോകുന്ന ഒരു ഈച്ചയെപ്പോലെയാണ് അയാളുടെ പാപങ്ങളെ കാണുന്നത്. എന്തെങ്കിലുമൊക്കെ പറഞ്ഞുകൊണ്ട് തന്റെ കൈകൊണ്ട് അതിനെ അവൻ തട്ടി മാറ്റുന്നു.''(ബുഖാരി, ഫത്ഹുൽബാരി 11/102, തഗ്ലീഖ് അൽ തഅ്ലീഖ് 5/136, മക്തബൽ ഇസ്ലാമി).

14. **നന്മകളെ നിസ്സാരവൽക്കരിക്കുക:** ചെറിയ നന്മകൾ ചെയ്യാൻ യാതൊരു താൽപര്യവും ഉണ്ടാവുകയില്ല. ചെറിയ നന്മകളെക്കുറിച്ച് ശ്രദ്ധയുണ്ടാവണമെന്ന് നബിﷺ നമ്മെ പഠിപ്പിച്ചു. ഇമാം അഹ്മദ്, അബൂ ജരീ അൽ ഹുജൈമിയിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു. അദ്ദേഹം പറഞ്ഞു:

أتيت رسول الله صلى الله عليه وسلم ، فقلت يا رسول الله ؟ إنا قوم من أهل البادية فعلمنا شيئاً ينفعنا الله تبارك وتعالى به فقال:(لا تحقرن من المعروف شيئاً ولو أن تفرغ من دلوك في إناء المستقي ، ولو أن تكلم أخاك ووجهك إليه منبسطاً )

ഞാൻ നബിﷺയുടെ സന്നിധിയിൽ വന്ന് ചോദിച്ചു: ''ഓ പ്രവാചകരേ, ഞങ്ങൾ ഭൂനിവാസികളാണ്, അനുഗ്രഹീതനും മഹത്വമുള്ളവനുമായ അല്ലാഹുവിങ്കൽ ഞങ്ങൾക്ക് പ്രയോജനം ചെയ്യുന്ന എന്തെങ്കിലും പഠിപ്പിച്ചു തരൂ.'' നബിﷺപറഞ്ഞു: ''ഒരു നന്മയെയും നിങ്ങൾ നിസ്സാരമായി കാണരുത്. താൻ വെള്ളമെടുക്കുന്ന തൊട്ടിയിൽ നിന്ന് മറ്റൊരാളുടെ പാത്രത്തിലേക്ക് കുടിക്കാനായി വെള്ളം ഒഴിച്ചുകൊടുക്കുന്നതോ പ്രസന്നമുഖത്തോടുകൂടി തന്റെ സഹോദരനോട് സംസാരിക്കുന്നതോ പോലും.''(മുസ്നദ് അഹ്മദ് 5/36, സിൽസിലത്തുസ്സഹീഹ് 1352).

ആർക്കെങ്കിലും കൊടുക്കാനായി കിണറ്റിൽ നിന്ന് വെള്ളം കോരി പാത്രത്തിലേക്ക് ഒഴിച്ച് കൊടുക്കുന്നത് ഒരു നന്മയാണ്. അത് നിസ്സാരമായ ഒരു കാര്യമാണെങ്കിലും അതിനെ ചെറുതായി കാണരുത്. ഇതുപോലെ തന്നെയാണ് സഹോദരനെ പ്രസന്നഭാവത്തോടെ അഭിമുഖീകരിക്കുന്നതും, പള്ളിയിൽ നിന്നും അഴുക്കും മാലിന്യവും നീക്കുന്നതും- അത് ചെറിയ തുരുമ്പാണെങ്കിലും ശരി. ഈ ഒരു കർമ്മം നിങ്ങളുടെ പാപങ്ങൾ പൊറുക്കാൻ കാരണമായേക്കും. അല്ലാഹു ഇത്തരം നല്ല കർമങ്ങളെ വിലമതിക്കുകയും അവയെക്കൊണ്ട് പാപങ്ങളെ മായ്ച്ചുകളയുകയും ചെയ്യും. നബിﷺ പറഞ്ഞു:

مر رجل بغصن شجرة على ظهر طريق فقال : والله لأنحين هذا عن المسلمين لا يؤذيهم فأدخل الجنة

''ഒരാൾ റോഡിൽ കിടക്കുന്ന ഒരു മരക്കൊമ്പിന്റെ സമീപത്തുകൂടി പോയി. എന്നിട്ട് പറഞ്ഞു: 'അല്ലാഹുവാണെ, മുസ്‌ലിംകൾ നടക്കുന്ന പാതയിൽ നിന്ന് ഇത് ഞാൻ എടുത്തുമാറ്റും; അവർക്ക് ഉപദ്രവമുണ്ടാക്കാതിരിക്കാൻ.' അങ്ങനെ അദ്ദേഹം സ്വർഗത്തിൽ പ്രവേശിച്ചു.''(മുസ്‌ലിം: 1914).

ചെറിയ പുണ്യങ്ങളെ നിസ്സാരമായി കാണുന്ന മനുഷ്യനിൽ എന്തോ അപാകതയുണ്ട്. പ്രവാചകൻﷺ വിശദീകരിച്ച ഉന്നതമായ ഗുണത്തെ നിരാകരിക്കുന്ന ഈ സമീപനത്തിനു തക്കതായ ശിക്ഷ ലഭിക്കും. നബിﷺ പറഞ്ഞു:

من أماط أذى عن طريق المسلمين كتب له حسنة ومن تقبلت له حسنة دخل الجنة

''മുസ്‌ലിംകളുടെ വഴിയിൽ നിന്ന് ഉപദ്രവത്തെ ഒരാൾ നീക്കം ചെയ്താൽ അവന് ഒരു 'ഹസനത്ത്' (നന്മ) രേഖപ്പെടുത്തും. ആരിൽ നിന്നെങ്കിലും ഒരു 'ഹസനത്ത്' സ്വീകരിക്കപ്പെട്ടാൽ, അവൻ സ്വർഗത്തിൽ പ്രവേശിക്കും.'' (ബുഖാരി, അദബുൽ മുഫ്റദ് 593, സിൽസിലത്തുസ്സ്വഹീഹ: 5/387).

15. **മുസ്‌ലിംകളുടെ കാര്യത്തെക്കുറിച്ച് ഉൽകണ്ഠ ഇല്ലാതിരിക്കുക:** യാതൊരു വിധത്തിലും- പ്രാർഥനകളിലൂടെയോ ദാനധർമങ്ങളിലൂടെയോ- (അവരുമായി) സഹകരിക്കാതിരിക്കുക. അങ്ങനെയുള്ള മനുഷ്യന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മുസ്‌ലിം സഹോദരങ്ങൾ അനുഭവിക്കുന്ന പീഡനങ്ങളിലും അടിച്ചമർത്തലുകളിലും വിപത്തുകളിലും ഒക്കെ തണുത്ത സമീപനമാണുണ്ടാകുക. അവൻ സ്വന്തം സുരക്ഷിതത്വത്തിൽ മാത്രം സന്തുഷ്ടിയടയുകയും ചെയ്യും. ഇത് ദുർബലമായ ഈമാനിന്റെ ഫലമാണ്. കാരണം സത്യവിശ്വാസി ഇതിന്റെ വിപരീത ചിന്താഗതിക്കാരനാണ്. നബിﷺ പറഞ്ഞു:

إن المؤمن من أهل الإيمان بمنزلة الرأس من الجسد ، يألم المؤمن لأهل الإيمان كما يألم الجسد لما في الرأس

''നിശ്ചയമായും ഒരു സത്യവിശ്വാസിക്ക് വിശ്വാസികളുടെ ഇടയിലെ സ്ഥാനം, ശരീരത്തിൽ ശിരസ്സിനുള്ള സ്ഥാനമാണ്. തലയിലുണ്ടാവുന്ന വേദനയോട് ശരീരം എങ്ങനെയാണോ പ്രതികരിക്കുന്നത്, അതുപോലെയാണ് മറ്റു വിശ്വാസികൾക്കുണ്ടാവുന്ന വേദനയോട് ഒരു സത്യവിശ്വാസി സഹതപിക്കേണ്ടത്.'' (മുസ്നദ് അഹ്മദ് 5/340, സിൽസിലത്തുസ്സ്വഹീഹ-1137).

16. **രണ്ട് പേർ തമ്മിലുള്ള സാഹോദര്യബന്ധത്തെ മുറിക്കുക:**
നബിﷺ പറഞ്ഞു:

ما تواد اثنان في الله عز وجل أو في الإسلام فيفرق بينهما أول ذنب { وفي رواية : ففرق بينهما إلا بذنب } يحدثه أحدهما

''രണ്ടാളുകൾ അല്ലാഹുവിന്റെ മാർഗത്തിൽ, അല്ലെങ്കിൽ ഇസ്‌ലാമിനു വേണ്ടി, സുഹൃത്തുക്കളാവില്ല; തങ്ങളിൽ ഒരാൾ ചെയ്ത ആദ്യത്തെ തിന്മയിൽ തന്നെ പരസ്പരം ബന്ധം വിച്ഛേദിക്കാതെ.'' (മറ്റൊരു റിപ്പോർട്ടിൽ ''ആദ്യത്തെ തിന്മയിൽ തന്നെ ബന്ധം വിഛേദിക്കാതെ'' എന്നാണുള്ളത്). (ബുഖാരി, അദബുൽ മുഫറദ് 401, അഹ്മദ് അൽ മുസ്നദ് 2/68, സിൽസിലത്തുസ്വഹീഹ: 637). മതപരമായ സാഹോദര്യ ബന്ധത്തിന്റെ ചങ്ങലകൾ തകർക്കുവാൻ മാത്രം ഗൗരവമുള്ള മോശം ചെയ്തികളാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. സഹോദരന് തന്നിൽ നിന്ന്

തോന്നുന്ന ഈ അകൽച്ച തിന്മ ചെയ്തതിനാലുള്ള തന്റെ ഈമാനിന്റെ ദൗർബല്യത്തിന്റെ ഫലമാണ് എന്ന് തെറ്റ് ചെയ്തയാൾ മനസ്സിലാക്കണം. തന്റെ അടിമകളുടെ കണ്ണിൽ ഈ മനുഷ്യന്റെ അന്തസ്സ് അല്ലാഹു നഷ്ടപ്പെടുത്തുകയും, അയാൾ യാതൊരു ആദരവും ഇല്ലാത്ത അവഗണിക്കപ്പെട്ട അവസ്ഥയിലാവുകയും ചെയ്യും. വിശ്വാസികളുടെ കൂട്ടായ്മയിൽ നിന്നും അല്ലാഹുവിന്റെ സംരക്ഷണയിൽ നിന്നും കൈവിട്ടുപോകും. കാരണം, അല്ലാഹു വിശ്വാസികളെയാണ് സംരക്ഷിക്കുന്നത്.

17. **ഇസ്‌ലാമിന് വേണ്ടി പ്രവർത്തിക്കാനോ, മതപ്രബോധനം നടത്താനോ യാതൊരു ഉത്തരവാദിത്തവും തോന്നാതിരിക്കുക:** നബിﷺയുടെ സ്വഹാബത്തിന്റെ നിലപാടിന് കടകവിരുദ്ധമാണിത്. കാരണം ദീനിൽ പ്രവേശിച്ചപ്പോൾ തന്നെ ഈ ഉത്തരവാദിത്വം അവർ നിർവഹിച്ചിരുന്നു. ഉദാഹരണത്തിന് തുഫൈലുബ്നു അംറ്ﷺ. അദ്ദേഹം മുസ്‌ലിമാവുകയും നേരെ തന്നെ ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കാൻ പോവുകയും ചെയ്തു. അതു മുഖേന ധാരാളം പേർ ഇസ്‌ലാം ആശ്ലേഷിച്ചു. ദീൻ സ്വീകരിച്ച ഉടനെത്തന്നെ താൻ പോയി ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കണമെന്ന് അദ്ദേഹം മനസ്സിലാക്കുകയും അതിനായി പുറപ്പെടുകയും ചെയ്തു. പക്ഷേ, ഇന്ന് ധാരാളം ആളുകൾ ഇസ്‌ലാമിലേക്ക് വന്നതിന് ശേഷം, മഹത്വമുള്ളവനായ അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിനായി ദീർഘകാലത്തേക്ക് കാത്തു നിൽക്കുകയാണ്.

നബിﷺയുടെ അനുയായികൾക്ക്, ഇസ്‌ലാമിലേക്ക് വന്നതിന്റെ ഫലമായി സത്യനിഷേധികളോട് എതിർപ്പ് തോന്നുകയും അവരെ അംഗീകരിക്കാൻ കൂട്ടാക്കാതെ വ്യക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. യമാമയിലെ നേതാവായ ഥുമാമതുബ്നു ഉഥാൽ തടവുകാരനായി പള്ളിയിൽ കഴിഞ്ഞപ്പോൾ നബിﷺ തിരുമേനിയിൽ വിശ്വസിക്കുകയും ഇസ്‌ലാമിന്റെ വെളിച്ചം ഹൃദയത്തിൽ പ്രവേശിക്കുകയും ചെയ്തു. ഉംറക്കായി പുറപ്പെട്ട് മക്കയിലെത്തിയ അദ്ദേഹം ഖുറൈശികളോട് ഇങ്ങനെ പ്രഖ്യാപിച്ചു: لا يصلكم حبة حنطة من اليمامة حتى يأذن فيها رسول الله صلى الله عليه وسلم

''നബിﷺയുടെ അനുമതിയില്ലാതെ യമാമയിൽ നിന്നും ഒരു ധാന്യമണി പോലും നിങ്ങളിൽ എത്തുകയില്ല.''(ബുഖാരി, ഫത്ഹുൽ ബാരി 8/78). കാഫിറുകളോടുള്ള ഈ സാമ്പത്തിക ഉപരോധ പ്രഖ്യാപനവും തനിക്കുള്ള എല്ലാ വിഭവങ്ങളും ദഅ്‌വത്തിന്റെ മാർഗത്തിൽ ചെലവഴിക്കാനുള്ള വാഗ്ദാനവും എല്ലാം വളരെ പെട്ടെന്നായിരുന്നു. കാരണം ദൃഢമായ ഈമാൻ അദ്ദേഹത്തെ കർമനിരതനാക്കി.

18. **ആപത്തുകളോ പ്രശ്നങ്ങളോ വരുമ്പോൾ പേടിയും പരിഭ്രാന്തിയും ഉണ്ടാവുക:** അങ്ങനെയുള്ള മനുഷ്യന്റെ താളം തെറ്റും. ദുരിതം ബാധിക്കുമ്പോൾ എന്ത് ചെയ്യണമെന്നറിയാതെ അവൻ മിഴിച്ച് നിൽക്കുന്നതും കാണാം. ഭയം അവനെ വലയം ചെയ്യുകയും യാതൊരു പരിഹാര മാർഗവും കാണാൻ കഴിയാതെ അവൻ വലയുകയും ചെയ്യും. ഉറച്ച മനസ്സോടെ അയാൾക്ക് യാഥാർഥ്യത്തെ അഭിമുഖീകരിക്കാൻ കഴിയില്ല. ഈമാനിന്റെ ദുർബലതയാണ് ഇതെല്ലാം ഉണ്ടാക്കുന്നത്. അയാളുടെ ഈമാൻ ഉറച്ചതായിരുന്നെങ്കിൽ ഏത് കടുത്ത പ്രതിസന്ധിയെയും പരീക്ഷണങ്ങളെയും കരുത്തോടെയും ധൈര്യത്തോടെയും നേരിടാൻ കഴിയുമായിരുന്നു.

19. **അനാവശ്യ തർക്കവും കലഹവും**: നബിﷺയുടെ സ്വഹീഹായ ഹദീഥിൽ ഇപ്രകാരം കാണാം.

ما ضل قوم بعد هدى كانوا عليه إلا أتوا الجدل

''സന്മാർഗം ലഭിച്ചതിന് ശേഷം ഒരാളും വഴിപിഴക്കുകയില്ല, തർക്കം നടത്തിയിട്ടല്ലാതെ.''(അഹ്മദ്, അൽ മുസ്നദ് 5/252, സ്വഹീഹുൽ ജാമിഅ്:"5633).

തെളിവിന്റെ പിൻബലമില്ലാതെ അകാരണമായി വാദിക്കുന്നവൻ, നേർമാർഗത്തിൽ നിന്നും ബഹുദൂരം പിഴച്ചുപോകും. പ്രകാശം ചൊരിയുന്ന ഗ്രന്ഥത്തിന്റെ (ഖുർആന്റെ)യോ വിജ്ഞാനത്തിന്റെയോ അടിസ്ഥാനത്തിലല്ലാത്ത വ്യർഥമായ വാഗ്വാദങ്ങളിലാണ് ഇന്ന് അധികമാളുകളും

ഏർപ്പെട്ടിരിക്കുന്നത്. ഇത്തരം വാഗ്വാദങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടുവോളമുള്ള പ്രചോദനം നബിവചനങ്ങളിലുണ്ട്. നബിﷺ പറഞ്ഞു:

أنا زعيم ببيت في ربض الجنة لمن ترك المراء وإن كان محقاً

''താൻ സത്യത്തിലാണെങ്കിലും വാഗ്വാദം പാടെ ഉപേക്ഷിക്കുന്നവന് സ്വർഗത്തിൽ ഒരു വീടുകൊണ്ട് ഞാൻ ജാമ്യം നിൽക്കുന്നു.''(അബൂദാവൂദ് 5/150, സ്വഹീഹുൽജാമിഅ 1464).

**20. ഇഹലോകത്തോടുള്ള ആസക്തിയും പ്രേമവും:** ധനം, അധികാരം, ആധിപത്യം, പാർപ്പിടം എന്നിങ്ങനെ ദുൻയാവിന്റെ വിഭവങ്ങൾ നഷ്ടപ്പെട്ടാൽ ദുൻയാവിനോട് ആസക്തിയുള്ളവൻ വേദനിക്കും. മറ്റുള്ളവർക്ക് ഉള്ളത് തനിക്ക് ലഭിക്കാത്തതിനാൽ താൻ ദൗർഭാഗ്യവാനാണെന്ന് അവൻ വിചാരിക്കും. തന്റെ സഹോദരന് തനിക്കില്ലാത്ത എന്തെങ്കിലും ഭൗതികവിഭവം ഉണ്ടെങ്കിൽ ക്ലേശം തോന്നുകയും അയാളോട് അസൂയ വെച്ചു പുലർത്തി അയാൾക്ക് ലഭിച്ച അനുഗ്രഹം നഷ്ടപ്പെടാൻ വേണ്ടി ആഗ്രഹിക്കുകയും ചെയ്യും. ഇത് ഈമാനിന് വിരുദ്ധമാണ്. നബിﷺ പറഞ്ഞു:

لا يجتمعان في قلب عبد الإيمان والحسد

''ഈമാനും അസൂയയും ഒന്നിച്ച് ഒരു അടിമയുടെ മനസ്സിൽ നിലകൊള്ളുകയില്ല.''(അബൂദാവൂദ് 5/150, സ്വഹീഹുൽ ജാമിഅ് 1464).

**21. ഈമാനിക സ്വഭാവത്തിന് തികച്ചും വിരുദ്ധമായി കേവലയുക്തിയെ ആധാരമാക്കി ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുക.** അത്തരം ആളുകളുടെ വാചകങ്ങൾക്ക് ഖുർആനിലോ സുന്നത്തിലോ സലഫുകളുടെ വാചകങ്ങളിലോ യാതൊരു തെളിവും ഉണ്ടാവുകയില്ല.

**22. വസ്ത്രം, ഭക്ഷണം, താമസം, വാഹനം എന്നിങ്ങനെ സ്വന്തം കാര്യങ്ങൾക്ക് വേണ്ടി അങ്ങേയറ്റത്തെ ശ്രദ്ധ പുലർത്തുക:** ഇത്തരം ആളുകൾ ലൗകിക ആഢംബരങ്ങളോട് കഠിനമായ താൽപര്യം കാണിക്കുകയും ഏറ്റവും പുതിയതിന്റെയും മികച്ചതിന്റെയും പിന്നാലെ പോയിക്കൊണ്ട് മുന്തിയ ഇനം വസ്ത്രം, പാർപ്പിടം എന്നിവക്കായി അതിരുകവിഞ്ഞ നിലയിൽ ധനം ചെലവഴിക്കുകയും ചെയ്യും; മുസ്‌ലിം സഹോദരങ്ങൾക്ക് ധനത്തിന് ഏറെ ആവശ്യം ഉള്ളപ്പോൾ തന്നെ! നിരോധിക്കപ്പെട്ട ആർഭാടത്തിൽ ആഴ്ന്നു പോകുന്നതുവരെ ഇത് തുടരും. മുആദ്ബ്നു ജബൽ رضي الله عنه വിനെ യമനിലേക്ക് പറഞ്ഞയക്കുമ്പോൾ നബിﷺ ഉപദേശിച്ചു:

إياك والتنعيم ، فإن عباد الله ليسوا بالمتنعمين

''ആർഭാടത്തെ സൂക്ഷിക്കുക, അല്ലാഹുവിന്റെ അടിമകൾ ആഢംബര ജീവിതം നയിക്കുകയില്ല.''(അബൂനുഐം തന്റെ ഹുൽയയിൽ റിപ്പോർട്ട് ചെയ്തത്, 5/155. സിൽസിലത്തുസ്വഹീഹ: 353, സമാനമായ ഹദീഥ് അഹ്മദ് അൽ മുസ്നദിൽ റിപ്പോർട്ട് ചെയ്യുന്നു, 5/243).